

# വായനക്കാരുടെ കത്തുകൾ/പ്രതികരണങ്ങൾ

കേരളീയം, കൊക്കാലെ, തൃശൂർ-21, e-mail : mailkeraleeyam@gmail.com

## മാധ്യമ അശ്ലീലങ്ങൾക്കിടയിൽ എന്ത് സാമൂഹ്യനീതി?



സാമൂഹ്യനീതിയുടെ വിഷയത്തിൽ ശബ്ദിക്കുകയും എഴുതുകയും ചെയ്യുന്നതിൽ മാധ്യമങ്ങൾക്ക് പൊതുവെ ജാഗ്രത നഷ്ടപ്പെട്ട കാലത്താണ് 'ജാഗ്രതയുടെ കേരളീയം' അതിനായി ഒരു പ്രത്യേക പതിപ്പ് തന്നെ പുറത്തിറക്കിയത്. സാമൂഹ്യനീതിയെ കുറിച്ച് ജേർണലിസം കോഴ്സ് കഴിഞ്ഞ് പുറത്തിറങ്ങുന്ന പുതിയകാലത്തെ 'ബ്രോയിലർ' തലമുറയോട് സംസാരിക്കാൻ പോലും ഭയമാണ് ഇപ്പോൾ. 'നീതി നിഷേധിക്കപ്പെട്ടവർക്ക് വേണ്ടിയാകണം നമ്മുടെ വാർത്ത' എന്ന് എഡിറ്റോറിയൽ മീറ്റിങ്ങുകളിൽ ആവർത്തിച്ച് പറഞ്ഞുകൊണ്ടിരുന്ന ന്യൂസ് എഡിറ്റർക്കെതിരെ ഡസ്കിലെ മറ്റുള്ളവർ മാനേജ്മെന്റിന് പരാതി നൽകിയ സംഭവം ഓർക്കുന്നു. പരാതി ഇതായിരുന്നു, 'അയാൾ മാവോയിസ്റ്റാണെന്ന് സംശയമുണ്ട്. മാനേജ്മെന്റ് ശ്രദ്ധിക്കണം'. രമേശ് ചെന്നിത്തല നാളെ ദില്ലിക്കുപോകുമോ, പി.ജെ. ജോസഫിന്റെ മൊബൈൽ ഫോൺ സന്ദേശത്തിൽ അശ്ലീലമുണ്ടായിരുന്നോ തുടങ്ങി ജനങ്ങൾക്ക് ഒട്ടും പ്രയോജനം ചെയ്യാത്ത വിഷയങ്ങളെ കുറിച്ചാണ് ഇന്നും 'ന്യൂസ് അവറും, ന്യൂസ് നൈറ്റും' മറ്റും ചർച്ച ചെയ്യുന്നത്. വാർത്ത എന്നാൽ പാമോലിനും ഐസ്ക്രീമും പി.സി.ജോർജും മാത്രമായി മാറി. ജനങ്ങളെ പ്രതികൂലമായി ബാധിക്കുന്ന നൂറുകണക്കിന് പ്രശ്നങ്ങൾക്ക് മുഖ്യധാരാ മാധ്യമങ്ങൾ ഒരുവിലയും കൽപ്പിക്കുന്നില്ല. വാളകത്ത് അധ്യാപകന്റെ മലദ്വാരത്തിൽ കമ്പിപ്പാരയാണോ, വെട്ടുകത്തിയാണോ കയറ്റിയത് എന്നായിരുന്നു ഒരാഴ്ച മുഴുവൻ അന്വേഷണം. പിന്നെ, ബാലകൃഷ്ണപിള്ളയുടെ ഫോൺവിളിയും പി.സി.ജോർജിന്റെ തെറിവിളിയും. ഇതാണ് മാധ്യമ അശ്ലീലം. ഇതിനിടയിൽ എന്ത് സാമൂഹ്യനീതി...?

പൂർണ്ണമായും മാധ്യമപ്രവർത്തനം സാമൂഹ്യനീതിക്ക് വേണ്ടിയാകണം എന്ന് പറയുന്നില്ല. പരസ്യതാൽപര്യങ്ങൾ അതിന് അനുവദിക്കുകയുമില്ല. എന്നാൽ, മാധ്യമപ്രവർത്തനം സാമൂഹ്യനീതിക്ക് കൂടിയാകണം. രാജ്യത്ത് വളർന്നുവരുന്ന അസമത്വത്തിനും, പെരുകുന്ന അനീതിക്കുമെതിരെ ജനങ്ങൾക്കൊപ്പം നിന്ന് ശബ്ദമുയർത്താൻ ഇടതുപക്ഷം ദുർബലമായ സാഹചര്യത്തിൽ മാധ്യമങ്ങൾ അല്ലാതെ മറ്റാരുണ്ട്?

കാതിക്കുടവും, കൂടംകുളവും കൈകാര്യം ചെയ്യാൻ 'കേരളീയം' മാത്രം മതിയാകില്ല. കേരളീയം നൽകുന്ന ഊർജ്ജം മൂലധനമാക്കി മറ്റുമാധ്യമങ്ങൾ ഇക്കാര്യത്തിൽ ക്രിയാത്മകമായി ഇടപെടണം. പത്മനാഭസ്വാമി ക്ഷേത്രത്തിലെ നിലവറയിലെ നിധിശേഖരത്തിൽ ചാനൽ റിപ്പോർട്ടർമാർ മയങ്ങിവീണപ്പോൾ കിലോമീറ്ററുകൾ മാത്രം അകലെ ഒരു കുടുംബം ഒരാഴ്ച പട്ടിണി കിടന്നത് ആരുമറിഞ്ഞില്ല. കേരളവിഷൻ മാത്രമാണ് ഇത് റിപ്പോർട്ട് ചെയ്തത്. മന്ത്രിമാരുടെ പതിവ് വാർത്താസമ്മേളനങ്ങൾക്കപ്പുറത്തേക്ക് ചാനൽ ക്യാമറകൾ പോകേണ്ടതുണ്ട്. നുണകൾക്കപ്പുറത്ത് ധീരമായ ഒരു സത്യമുണ്ടെന്നും, തന്റേടത്തോടെ അത് ഉറക്കെ വിളിച്ചുപറയണമെന്നും ആഗ്രഹിക്കുന്ന ചിലരെങ്കിലും ഉണ്ട്. അവരുടെ ഒത്തുചേരൽ ആവശ്യമാണ്. കേരളീയം തന്നെ ഇക്കാര്യത്തിലും മുൻകൈ എടുക്കണമെന്ന് അപേക്ഷിക്കുന്നു.

**ടി.എസ്. സുബീഷ്**

എഡിറ്റർ ഇൻ ചാർജ്, കേരളവിഷൻ വാർത്ത, പുതുക്കാട്

## സ്വാദ്

കേജീയെസ്സെന്ന പ്രതിഭ തൻ തൂലിക
'കേരളീയ'ത്തിൽ പകർന്നുതന്ന
വാങ്മയചിത്രത്തിൽ
കൂർത്തുനിൽക്കുന്നതെ-
ന്താർത്തിയോ..., കാമമോ..., മിന്നൽപോലെ
റാഞ്ചുവാനായും പരുന്തിൻ നഖങ്ങളോ...?
വാമനരൂപി തൻ തന്ത്രങ്ങളോ...?
മുന്നിൽപ്പിടയുന്ന സാധുവെക്കാണുമ്പോ-
ളലറിച്ചിരിക്കുന്ന രാക്ഷസനോ...?
ഭൂലോകമൊക്കെയും കാൽക്കീഴിലാക്കുന്ന
നൂതനരാഷ്ട്രീയ കാഹളമോ...?

വിസ്തൃതമായൊരു
കൃൻവാസിൽക്കണ്ടു ഞാൻ
കുത്തിത്തറയ്ക്കും മുഖങ്ങളേറെ...,
സ്വാദോർത്തു സ്വാദോർത്തു
വെള്ളമിറക്കുന്ന
ഭീകരജീവിതൻ ദംഷ്ട്രങ്ങളെ...!

*(കേരളീയം, 2011 സെപ്റ്റംബർ ലക്കം പ്രസിദ്ധീകരിച്ച കെ.ജി. ശങ്കരപ്പിള്ളയുടെ 'സ്വാദറിഞ്ഞവൻ' എന്ന കവിതയ്ക്കുള്ള ആസ്വാദനക്കുറിപ്പ്)*

**വീക്കേജി വാരിയർ**

ചേർപ്പ്, തൃശൂർ

## പ്രണയസാന്ദ്രം

എസ്. നാരായണൻ എഴുതിയ 'കുഴഞ്ഞു വീഴുന്ന പ്രണയം' (കേരളീയം, 2011 സെപ്റ്റംബർ ലക്കം) വായിച്ചു. ബ്ലെസിയുടെ 'പ്രണയം' എന്ന സിനിമ മധ്യവർഗ്ഗസദാചാരത്തിന്റെ ആക്രമണത്തിലും വാടാതെ നിൽക്കുന്ന ചില വൈകാരിക അനുഭവങ്ങളുടെ ചിത്രീകരണമാണ്. പ്രമേയത്തിന്റെ സൂക്ഷ്മതയെ താളം തെറ്റാതെ ഈ ചിത്രം അവതരിപ്പിക്കുന്നതായി കാണാം. സമൂഹം എപ്രകാരമാണ് വ്യക്തികളെ ശരിയായും തെറ്റായും സ്വാധീനിക്കുന്നത് എന്നതിന്റെ അന്വേഷണമെന്ന നിലയ്ക്ക് വിശകലനം ചെയ്താൽ കുഴഞ്ഞുവീഴലുകളുടെ സിനിമയല്ല 'പ്രണയം' എന്ന് കാണാനാകും. നിലനിൽക്കുന്ന ഒരു അവസ്ഥയുടെ ചിത്രീകരണമാണ് ഈ സിനിമ. നാം കാണാൻ ആഗ്രഹിക്കുന്നത് തന്നെ അഭ്രപാളികളിൽ സംഭവിക്കണമെന്ന ശാഠ്യത്തിൽ അർത്ഥമില്ല. ഇതെല്ലാമോ, ഇതിനപ്പുറമുള്ളതോ ഒക്കെ ചേർന്നതാണ് 'പ്രണയം'.

**മാധവദാസ്**

ചൂരക്കാട്ടുകര, തൃശൂർ